## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3033 | 18.10.2016 - ൽ മറുപടിയ്ക്ക് |
|---|---|

### ചരക്ക് സേവന നികുതി നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ.കെ.വിജയൻ<br>,, എൽദോ എബ്രഹാം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നിയമം കേരളത്തിൽ നടപ്പിൽ വരുത്തുന്നതിനുവേണ്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | ചരക്ക് സേവന നികുതി നിയമത്തെകുറിച്ചുള്ള ചർച്ചകൾ ഡൽഹിയിൽ പുരോഗമിച്ചുവരികയാണ്. ഇത് അന്തിമ രൂപത്തിലായിട്ടില്ല. ചരക്ക് സേവന നികുതി നിയമം കേരളത്തിൽ നടപ്പിൽ വരുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് Model GST നിയമത്തെകുറിച്ചുള്ള ട്രെയിനിംഗ് പുരോഗമിച്ച് വരികയാണ്. വ്യാപാരികൾ ഫയൽ ചെയ്യുന്ന return, വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ Scrutiny ചെയ്യാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | ജി.എസ്.ടി നടപ്പിൽ വരുമ്പോൾ ഏതൊക്കെ മേഖലകളിൽ നിന്ന് സംസ്ഥാനത്തിന് അധികവരുമാനം ലഭിക്കുമെന്നും ഏതൊക്കെ മേഖലകളിൽ നിന്ന് നിലവിൽ ലഭിക്കുന്ന വരുമാനം ഇല്ലാതാകുമെന്നും കണക്കാക്കിയിട്ടുണ്ടോ; | (ബി) | ജി.എസ്.ടി നടപ്പിലാകുമ്പോൾ പലവിധ കേന്ദ്ര സംസ്ഥാന പരോക്ഷനികുതികളും ഇല്ലാതാകുകയും അവ ജി.എസ്.ടി യിൽ സംയോജിക്കപ്പെടുമെന്നതിനാലും ചരക്കുകളുടേയും സേവനങ്ങളുടേയും മേലുള്ള cascading effect ഇല്ലാതാകുന്നതാണ്. കൂടാതെ സേവന മേഖലകളിൽ നിന്നും സംസ്ഥാനത്തിന് ജി.എസ്.ടി ലഭിക്കുന്നതു കൊണ്ടും ജി.എസ്.ടി ഒരു Destination based |

| | | | |
|---|---|---|---|
| | | | taxation system ആയതുകൊണ്ടും കേരളം പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് അധിക വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ, കേരളത്തിൽ നിലവിലുള്ള രജിസ്റ്റേർഡ് വ്യാപാരികളുടെ എണ്ണത്തിൽ കുറവ് വരുമോ എന്നറിയിക്കുമോ; | (സി) | കേരളത്തിൽ നിലവിലുള്ള VAT നിയമമനുസരിച്ച് വ്യാപാരികൾക്ക് രജിസ്ട്രേഷൻ എടുക്കേണ്ട പരിധി 10 ലക്ഷം രൂപയാണ്. എന്നാൽ GST Council ന്റെ നിർദ്ദേശമനുസരിച്ച് ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ ഈ പരിധി 20 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ആയതിനാൽ വ്യാപാരികളുടെ എണ്ണത്തിൽ കുറവ് വരുന്നതാണ്. എന്നാൽ സേവന മേഖലയിൽ നിന്നുള്ള വ്യാപാരികൾ സംസ്ഥാനത്ത് രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. |
| (ഡി) | ജി.എസ്.ടി. നിലവിൽ വരുമ്പോൾ നികുതിദായകർ ഒരേ വിഷയത്തിൽ രണ്ട് അധികാര കേന്ദ്രങ്ങളിൽ കണക്ക് ബോധിപ്പിക്കേണ്ടി വരുമോ; സംസ്ഥാന നികുതി വകുപ്പിന്റെ അധികാരങ്ങൾ കേന്ദ്ര നികുതി വകുപ്പ് കവർന്നെടുക്കുന്ന സാഹചര്യം ഉണ്ടാകുമോ; അതിനനുസൃതമായി സംസ്ഥാന നികുതി വകുപ്പിനെ പുനസംഘടിപ്പിക്കുമോ? | (ഡി) | ഏത് കേന്ദ്രത്തിലാണ് കണക്ക് ബോധിപ്പിക്കേണ്ടതെന്നും സംസ്ഥാന നികുതി വകുപ്പിന്റെ അധികാരങ്ങളെകുറിച്ചുമുള്ള ചർച്ചകൾ GST Council ൽ പുരോഗമിച്ചുവരികയാണ്. ഇതിനെക്കുറിച്ച് ഒരു അന്തിമ തീരുമാനമായിട്ടില്ല. ജി.എസ്.ടി നടപ്പിലാകുന്നതോടെ സേവന മേഖല കൂടി സംസ്ഥാന നികുതി വകുപ്പ് കൈകാര്യം ചെയ്യപ്പെടേണ്ട സാഹചര്യത്തിൽ സംസ്ഥാന നികുതി വകുപ്പിന്റെ പുനസംഘടന അനിവാര്യമാണ്. |

SD Latheesh
**സെക്ഷൻ ഓഫീസർ**